# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2274 — 10.10.2011-ൽ മറുപടിക്ക്

### കഠിനംകുളം കായലിലെ ബോട്ട് സർവ്വീസ് സംബന്ധിച്ച് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ മംഗലപുരം, ചിറയിൻകീഴ്, കഠിനംകുളം, അഴൂർ, കടയ്ക്കാവൂർ, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കഠിനംകുളം കായലിലെ ബോട്ട് സർവ്വീസ് സംബന്ധിച്ച് ജലഗതാഗത വകുപ്പിന്റെ പരിഗണനയിലുള്ള പ്രൊപ്പോസലിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശ പ്രകാരം തിരുവനന്തപുരം ജില്ലയിൽ ആറു പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന ഏകദേശം 20 കി.മീറ്റർ ദൈർഘ്യമുള്ള കഠിനംകുളം കായൽ ബോട്ട് സർവ്വീസ് തദ്ദേശവാസികൾക്കു യാത്രയ്ക്കു വളരെയധികം സമയലാഭവും സൗകര്യവും പ്രദാനം ചെയ്യുന്നതാണ്.<br>തുടക്കത്തിൽ പതിനഞ്ചോളം സ്ഥലങ്ങളിൽ ഇറിഗേഷൻ വകുപ്പിനെ കൊണ്ട് ബോട്ട് ജെട്ടികൾ സ്ഥാപിച്ച് 2 ബോട്ടുകൾ ഉപയോഗിച്ച് സർവ്വീസ് ആരംഭിയ്ക്കാനും പഞ്ചായത്തുകളുടെ സഹായത്തോടെ ഉചിതമായ സ്ഥലത്തു സ്റ്റേഷൻമാസ്റ്റർ ഓഫീസുകൾ സ്ഥാപിക്കുകയും ഡീസൽ, റിപ്പയർപ്പണികൾ എന്നിവയ്ക്കു സ്വകാര്യ വ്യക്തികളെ ആശ്രയിയ്ക്കാമെന്നുമാണ് നിർദ്ദേശം.<br>ടി സർവ്വീസ് ആരംഭിക്കുന്നതിന് 40 തസ്തികകൾ പുതുതായി ആവശ്യമാണ്. ഇതിൽ 2 ചെക്കർമാരെയും 1 സ്റ്റേഷൻ മാസ്റ്ററെയും നിലവിലുള്ള |

| | | | |
|---|---|---|---|
| | | | തസ്തികകളിൽ നിന്നും ക്രമീകരണം നടത്തി നിയമിക്കാവുന്നതാണെന്നും ബാക്കി 37 തസ്തികകൾ പുതുതായി സൃഷ്ടിക്കണമെന്നും നിർദ്ദേശത്തിലുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് വകുപ്പിന്റെ മുമ്പാകെയുള്ള പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പ്രസ്തുത പ്രൊപ്പോസലുകളുടേയും പഠനറിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും | ടി നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത സർവ്വീസ് ആരംഭിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ എന്നുമുതൽ പ്രസ്തുത സർവ്വീസ് ആരംഭിക്കാൻ കഴിയും എന്ന് പറയാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്